# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3649. 20/06/2018 - ൽ മറുപടിയ്ക്ക്

## ആലുവ ജനസേവ ശിശുഭവൻ

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>( ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) ആലുവ ജനസേവ ശിശുഭവനിൽ നിന്നും 50 കുട്ടികളെ കാണാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും ഉണ്ട്. എറണാകുളം അഡീഷണൽ സെഷൻസ് കോടതി സ്വദേശത്തേയ്ക്ക് തിരിച്ചയ്ക്കാൻ ഉത്തരവിട്ടിരുന്ന 104 കുട്ടികളിൽ 54 പേർ മാത്രമാണ് സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുത്ത സമയത്ത് ജനസേവ ശിശുഭവനിൽ ഉണ്ടായിരുന്നത്. |
| (ബി) പ്രസ്തുത കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിനായി തിരികെ എത്തിക്കണമെന്ന് എറണാകുളം അഡീഷണൽ സെഷൻസ് കോടതി ഉത്തരവായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | അവശേഷിക്കുന്ന 50 കുട്ടികളെ 15 ദിവസത്തികം ഹാജരാക്കണമെന്ന എറണാകുളം ചൈൽഡ് വെൽഫെയർ കമ്മിറ്റി ജനസേവ ശിശുഭവനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കുട്ടികളെ തിരികെ എത്തിക്കണമെന്ന് എറണാകുളം അഡീഷണൽ സെഷൻസ് കോടതി ഉത്തരവായിട്ടില്ല. |

സെക്ഷൻ ഓഫീസർ